# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1023 — 01.07.2015 -ലെ മറുപടിയ്ക്ക്

### എയ്ഡഡ് മേഖലയിൽ ആർട്സ്, സയൻസ് കോളേജുകൾക്ക് അനുമതി

*ചോദ്യം*
ഡോ. ടി.എം. തോമസ് ഐസക്

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ എത്ര ആർട്സ്, സയൻസ് കോളേജുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ നാല് ആർട്സ് & സയൻസ് കോളേജുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>1. **മലപ്പുറം ജില്ല**<br>i) മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, വേങ്ങര<br>ii) അംബേദ്കർ മെമ്മോറിയൽ എയ്ഡഡ് കോളേജ് , വണ്ടൂർ<br>2. **കൊല്ലം ജില്ല**<br>i) കെ.പി.എം.എസ്., കുര്യോട്ട് മല എയ്ഡഡ് കോളേജ്<br>3. **കോട്ടയം ജില്ല**<br>i) പി.ആർ.ഡി.എസ്. അമര എയ്ഡഡ് കോളേജ്, ചങ്ങനാശേരി |
| (ബി) | എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് കോളേജുകൾ അനുവദിച്ചിട്ടുള്ളത് ; അനുവാദം നൽകിയ എത്ര കോളേജുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | സർക്കാർ / എയ്ഡഡ് മേഖലയിൽ കോളേജുകളില്ലാത്ത നിയമസഭ നിയോജക മണ്ഡലങ്ങളിൽ പുതിയ കോളേജ് അനുവദിക്കുമെന്ന സർക്കാർ നയത്തിന്റെ ഭാഗമായിട്ടാണ് മലപ്പുറം ജില്ലയിലെ വേങ്ങര നിയോജക മണ്ഡലത്തിൽ എയ്ഡഡ് കോളേജ് ആരംഭിച്ചത്. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഗണിച്ചും ഈ സമുദായങ്ങൾക്ക് ഇതുവരെ കോളേജുകളൊന്നും അനുവദിച്ചിട്ടില്ല എന്നതും കണക്കിലെടുത്താണ് മറ്റ് |

| | | | |
|---|---|---|---|
| | | | മൂന്ന് എയ്ഡഡ് കോളേജുകൾ അനുവദിച്ചത്. <br> മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, വേങ്ങര , അബേദ്ക്കർ മെമ്മോറിയൽ എയ്ഡഡ് കോളേജ് , വണ്ടൂർ എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**